# നിന്ദിക്കുന്നവരാകരുത്....

## ഉല്പത്തി 16:4

“അവൻ ഹാഗാരിന്റെ അടുക്കൽ ചെന്നു; അവൾ ഗർഭം ധരിച്ചു; താൻ ഗർഭം ധരിച്ചു എന്നു അവൾ കണ്ടപ്പോൾ യജമാനത്തി അവളുടെ കണ്ണിന്നു നിന്ദിതയായി.”

ഹാഗാർ, അബ്രാഹാമിന്റെ ഭാര്യയായ സാറായുടെ മിസ്രയീമ്യദാസി ആയിരുന്നു. ഹാഗാർ എന്ന പേരിന്റെ അർത്ഥം ‘പലായനം’ എന്നതാണ്. അബ്രഹാമും കുടുംബവും ഹാഗാറിനെ വിലയ്ക്ക് വാങ്ങിയതാകാം. ഹാഗാറിന്റെ ജീവിതത്തിൽ നിന്നും നമുക്ക് ഉൾക്കൊള്ളുവാനും പഠിക്കുവാനുമുള്ള ചില കാര്യങ്ങളെ കുറിച്ച് ധ്യാനിക്കാം.

ഉല്പത്തി 16:3 ൽ നാം കാണുന്നു ദൈവത്തിന്റെ വാഗ്ദത്തനിവർത്തിയ്ക്ക് കാത്തിരിക്കാതെ സാറായി അബ്രാമിനെ നിർബന്ധിച്ച് ഹാഗാറിനെ ഭാര്യയാക്കികൊള്ളുവാൻ അനുവാദം കൊടുത്തു.

യഹോവ അബ്രഹാമിന് കൊടുത്ത വാഗ്ദത്തം അബ്രഹാം വിശ്വസിക്കുന്നുണ്ടെങ്കിലും സാറാ അത് ചിരിച്ചു തള്ളുകയാണ് ചെയ്തത്. സാറാ വിചാരിച്ചു ദൈവത്തിന്റെ പദ്ധതി തന്റെ ദാസിയിൽകൂടിയാണ് നിറവേറ്റാൻ പോകുന്നതെന്ന്. അതു മാത്രമല്ല താൻ അങ്ങനെ ചെയ്തതുകൊണ്ട് തനിക്കും ദൈവം ഒരു കുഞ്ഞിനെ നല്കി അനുഗ്രഹിക്കുമെന്ന് അവർ കരുതി. അങ്ങനെ സാറയുടെ ഉപദേശം സ്വീകരിച്ച അബ്രഹാം ഹാഗാറിനെ ഭാര്യ ആക്കി.

പ്രിയ ദൈവമക്കളെ, ഒരു കാര്യം നാം മനസ്സിലാക്കണം കർത്താവിന്റെ പദ്ധതിയെക്കുറിച്ച് ചിന്തിക്കുവാനും, പൂർണ്ണമായി വിലയിരുത്തുവാനും, തീരുമാനങ്ങൾ എടുക്കുവാനും നമുക്ക് സാധിച്ചെന്നുവരികയില്ല. ‘ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജനപ്രദേശത്തു നദികളും ഉണ്ടാക്കും’ എന്ന് പറഞ്ഞവനായ ദൈവമാണ് നമ്മോടു കൂടെയുള്ളത്. പുതിയതൊന്നു ചെയ്യുവാൻ പോകുന്ന ദൈവം, ആർക്കും മുൻകൂട്ടി അറിയുവാനും, പറയുവാനും, മനസ്സിലാക്കുവാനും സാധിക്കില്ലെന്ന വിശ്വാസമാണ് നമുക്ക് വേണ്ടത്.

യജമാനനാൽ ഗർഭം ധരിച്ചു കഴിഞ്ഞപ്പോൾ ഹാഗാർ യജമാനത്തിയെ നിന്ദിക്കുന്നത് നമുക്ക് കാണുവാൻ സാധിക്കുന്നുണ്ട്. സ്വന്തം ബുദ്ധിയിലൂന്നി പ്രവർത്തിച്ചതിന്റെ ഫലമായി സാറാ സമൂഹത്തിന്റെയും, തന്റെ വേലക്കാരുടെയും പരിഹാസത്തിന് ഇരയായി. ഗർഭിണിയായ ഹാഗാർ തന്നെ പരിഹസിക്കുന്നതിനെക്കുറിച്ച് സങ്കടം പറഞ്ഞ സാറായോട് അബ്രഹാം പറഞ്ഞത് ‘നിന്റെ ദാസി നിന്റെ കയ്യിൽ ഇരിക്കുന്നു: ഇഷ്ടംപോലെ അവളോടു ചെയ്തുകൊൾക എന്നു പറഞ്ഞു’. തുടർന്ന് സാറായുടെ ആലോചനപ്രകാരം

ഹാഗാറിനെ ഭവനത്തിൽ നിന്നും ഇറക്കിവിടുകയാണ് ചെയ്തത്. യജമാനത്തി ഹാഗാറിന് നിന്ദിതയായിത്തീർന്നപ്പോൾ, തനിക്കു ഉണ്ടായ മകൻ പരിഹാസിയായി എന്ന് വചനം പഠിപ്പിക്കുമ്പോൾ നാം മനസ്സിലാക്കണം, മറ്റുള്ളവരെ നാം നിന്ദിച്ചാൽ, അടുത്ത തലമുറയിൽ അതു പരിഹാസമായി നമ്മുടെ അടുത്തേക്ക് മടങ്ങി എത്താൻ സാദ്ധ്യതയുണ്ടെന്ന്.

മറ്റുള്ളവരെ നാം നിന്ദിക്കുവാൻ പാടുള്ളതല്ല. ക്രിസ്തിയജീവിതം നന്ദിനിറഞ്ഞ ജീവിതമാണ്. ദൈവത്തോടും മനുഷ്യരോടും നാം നന്ദിയുള്ളവരായിരിക്കണം. ദൈവം ഏറ്റവും വെറുക്കുന്ന സ്വഭാവമാണ് അസംതൃപ്തിയും, പിറുപിറുപ്പും. എപ്പോഴും നന്ദി പറയുന്നവർ സംതൃപ്തരായിരിക്കും. ആരെയും വേദനിപ്പിക്കാതെ ഇരിക്കുക. അങ്ങനെ വേദനിപ്പിക്കുന്നവന്റെ ഉള്ളിൽ ലോകത്തിന്റെ തിന്മ കൊടികുത്തി വാഴുന്നു. അവനെ പുകഴ്ത്തുന്നവരിലും അങ്ങനെതന്നെ.

ദൈവശബ്ദംകേട്ടു അതിനോടു പ്രതികരിക്കുന്ന ഒരു ഹാഗാറിനെ നമുക്ക് തുടർന്നുള്ള ഭാഗത്തു കാണുവാനായിട്ടു സാധിക്കും. 'ഒരു നീരുറവിന്റെ അരികെവെച്ചു യഹോവയുടെ ദൂതൻ അവൾക്കു പ്രത്യക്ഷപ്പെട്ടു. സാറായുടെ ദാസിയായ ഹാഗാരേ, നീ എവിടെ നിന്നു വരുന്നു? എങ്ങോട്ടു പോകുന്നു എന്നു ചോദിച്ചു. അതിനു അവൾ: ഞാൻ എന്റെ യജമാനത്തി സാറായിയെ വിട്ടു ഓടിപ്പോവുകയാകുന്നു എന്നു പറഞ്ഞു. യഹോവയുടെ ദൂതൻ അവളോടു: ഹാഗാറെ നീ തിരികെ സാറായുടെ ഭവനത്തിലേയ്ക്ക് മടങ്ങി പോയി അവൾക്കു ബഹുമാനം കൊടുത്ത്, അവളെ അനുസരിച്ച്, അവൾക്ക് കീഴടങ്ങി പാർക്കുക എന്നു കൽപ്പിച്ചു.' യഹോവയുടെ ദൂതന്റെ ആലോചന ഒരു മടിയും കൂടാതെ ശ്രവിക്കുകയും, സ്വീകരിക്കുകയും, അനുസരിക്കുകയും ചെയ്യുന്ന ഹാഗാറിനെ നമുക്ക് കാണാം. ഹാഗാറിനെപോലെ ദൈവശബ്ദം കേൾക്കുവാനും, അതിനോട് നീതി പുലർത്തുവാനും നമുക്ക് സാധിക്കണം. നമ്മുടെ സാഹചര്യം ഏതായാലും, അതു ദുഃഖമാകട്ടെ, സന്തോഷമാകട്ടെ, എപ്പോഴും നമ്മുടെ ഹൃദയം ദൈവസന്നിധിയിൽ പകരുവാൻ സാധിക്കണം. "നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്കു പിറകിൽനിന്നു കേൾക്കും" എന്ന് **യെശയ്യാവു 30:21** ൽ പറയുന്നു.

പ്രതിസന്ധികളിൽ നിരാശപ്പെട്ടു പോകാതെ, തളരാതെ ദൈവത്തോടു നിലവിളിച്ചു നമ്മുടെ സഹായകനായ ദൈവത്തിങ്കലേക്ക് മാത്രം നോക്കി ദൈവീകസന്തോഷവും സമാധാനവും അനുഭവിച്ചു ആരെയും നിന്ദിക്കാതെ താഴ്മയിൽ നടക്കുവാൻ ഈ ദിവസത്തിൽ നമുക്ക് സാധിക്കട്ടെ.

പരമാർശം:

എഫെസ്യർ 4:29

കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യംപോലെ ആത്മികവർദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാത്തതു ഒന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുതു.

ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 009